പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4343

26.6.2014 ലെ മറുപടിക്ക്

# അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

ചോദ്യം | ഉത്തരം

ശ്രീ. കെ.രാധാകൃഷ്ണൻ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസാവകാശനിയമമനുസരിച്ച് സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30,1:35 എന്ന ക്രമത്തിൽ നടപ്പിലാക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുന്നത് കെ.ഇ.ആർ ചട്ടങ്ങളുടെയും കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിന്റെയും അടിസ്ഥാനത്തിലാണ്. സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപകവിദ്യാർത്ഥി അനുപാതം ക്ലാസ്സ് ഡിവിഷനുകളെ അടിസ്ഥാനപ്പെടുത്തി 1:45 ആണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ സ്കൂളടിസ്ഥാനത്തിലാണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിരിക്കുന്നത്. അതു പ്രകാരം ഒന്നുമുതൽ അഞ്ചു വരെയുള്ള എൽ.പി. സ്കൂളുകളിൽ അറുപതു കുട്ടികൾക്ക് 2 അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. ആറുമുതൽ എട്ടുവരെയുള്ള യു.പി.സ്കൂളുകളിൽ 1:35 ഉം ആണ് അദ്ധ്യാപകവിദ്യാർത്ഥി അനുപാതം. |
| (ബി) | സർക്കാർ സ്കൂളുകളിൽ പ്രസ്തുത അനുപാതം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | സർക്കാർ, എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ |

| | | | |
|---|---|---|---|
| | | | അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ഇപ്രകാരം നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല. വിവിധ മാനേജ്മെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നത്, എയ്ഡഡ് സ്കൂളുകൾക്കു മാത്രമായിപരിമിതപ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും ഇത്തരത്തിൽ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ |
| (സി) | നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | രീതിയിലുള്ള സ്കൂൾ തല അനുപാതം തന്നെയാണ് ബാധകം. |
| (ഡി) | നടപ്പ് അദ്ധ്യയനവർഷം മുതൽ ഓരോ സ്കൂളിനെയും ഒരു യൂണിറ്റായി പരിഗണിച്ച് 1;30, 1:35 എന്ന അനുപാതത്തിൽസർക്കാർ സ്കൂളുകൾക്കും വിദ്യാഭ്യാസാവകാശനിയമപ്രകാരമുള്ള ഫിക്സേഷൻ ബാധകമാക്കുമോ; | (ഡി) യും (ഇ) യും | അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിന് 1 :30/ 1: 35 അനുപാതം സർക്കാർ സ്കൂളിനും ബാധകമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഇ) | അധികം വരുന്ന അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ തന്നെ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻഓഫീസർ